6. മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് :

വിദ്യാർത്ഥികൾക്ക് പ്ലസ് ടുവിന് മികച്ച വിജയം കരസ്ഥമാക്കുന്നതിനോടൊപ്പം തന്നെ എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ വിജയം നേടുന്നതിനും ഉന്നതതല കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് അവരെ പ്രാപ്തരാക്കാനും പഠനത്തോടൊപ്പംതന്നെ എൻട്രൻസ് ഓറിയന്റഡ് കോച്ചിംഗ് ക്ലാസ്സുകളും എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടത്തിവരുന്നു.

7. നാഷണൽ സർവ്വീസ് സ്കീം :

സാമൂഹിക സേവന പ്രവൃത്തികളിലൂടെ സാമൂഹിക പ്രതിബദ്ധത വളർത്തി ജനനന്മയും വ്യക്തിഗുണവും ഉറപ്പാക്കി ഉന്നത മൂല്യബോധമുള്ള പൗരന്മാരാക്കി വിദ്യാർത്ഥികളെ വളർത്തിക്കൊണ്ടുവരുന്നതിനായി ഹയർസെക്കണ്ടറിയുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും (8 സ്കൂളുകളിൽ) നാഷണൽ സർവ്വീസ് സ്കീം നടപ്പിലാക്കി വരുന്നു.

8. അഡീഷണൽ സ്കിൽ അക്വിസിഷൻ പരിപാടി :

തെരഞ്ഞെടുക്കപ്പെട്ട 8 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ വിദ്യാർത്ഥികളുടെ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മേൽ പദ്ധതികളെല്ലാംതന്നെ നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശവും ഉത്തരവും സമയബന്ധിതമായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ

211 (8047) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം തലത്തിലുള്ള വിദ്യാർത്ഥിനികളാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര പേർക്ക് അവ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാശങ്ങൾ എന്തെല്ലാം :

ഉത്തരം

(എ-സി) ഉണ്ട്. 2012-13 അദ്ധ്യയന വർഷത്തിൽ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിച്ചിരുന്ന എല്ലാ എട്ടാം ക്ലാസ്സുകാരായ പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും സൈക്കിളുകൾ നൽകിയിരുന്നു. ആകെ 6224 പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കാണ് ഈ ആനുകൂല്യം ലഭ്യമായത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ദുർഘടമായ പട്ടികവർഗ്ഗ മേഖലയിൽ പദ്ധതി വേണ്ടത്ര ഫലകരമല്ലായെന്നതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഇടർന്ന് നടപ്പിലാക്കിയിട്ടില്ല.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സ്കൂളുകളിലെത്തിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ

212 (8048) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികളെ പൂർണ്ണമായും സ്കൂളുകളിലെത്തിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പു അദ്ധ്യയന വർഷാരംഭം മുതൽ ആദിവാസി മേഖലയിലെ സ്കൂളുകളിൽ കുട്ടികൾ പൂർണ്ണമായും എത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ കുട്ടികളുടെ ഹാജർ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സ്കൂൾ തുറന്ന് ഒരു മാസം കഴിഞ്ഞിട്ടും പ്രസ്തുത മേഖലയിലെ കുട്ടികളെ പൂർണ്ണമായി സ്കൂളുകളിലെത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കുട്ടികളെ സ്കൂളിൽ എത്തിക്കാൻ കഴിയാതിരുന്ന സാഹചര്യങ്ങൾ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly